# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.5728 25-05-2017-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.പാറക്കൽ അബ്ദുല്ല

ഡോ.ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**എ.ടി.എം. ഇടപാടുകൾക്ക് സർവ്വീസ് ചാർജ്ജ്**

| | | |
|---|---|---|
| (എ) | ബാങ്കിംഗ് ഇടപാടുകാർക്ക് പ്രയാസം കൂടാതെ ഇടപാട് നടത്താൻ സഹായിക്കുന്ന സംവിധാനമായി കൊണ്ടുവന്ന എ.ടി.എം. സംവിധാനം അവരെ പിഴിയാനുള്ള മാർഗ്ഗമായി ബാങ്കുകൾ ദുരുപയോഗം ചെയ്യുന്നതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഉണ്ട് |
| (ബി) | എ.ടി.എം ഇടപാടുകൾക്ക് സർവ്വീസ് ചാർജ്ജ് ഈടാക്കാനുള്ള എസ്.ബി. ഐ.യുടെ നീക്കത്തിനെതിരെ വ്യാപകമായ പ്രതിഷേധം ഉയർന്നുവന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; | എ.ടി.എം ഇടപാടുകൾക്ക് സർവ്വീസ് ചാർജ്ജ് ഈടാക്കാനുള്ള എസ്.ബി.ഐ.യുടെ നീക്കത്തിനെതിരെ വ്യാപകമായ പ്രതിഷേധം ഉയർന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | നോട്ട് നിരോധനത്തോടെ എസ്.ബി. ഐ.യുടെ നിഷ്ക്രിയാസ്തി വർദ്ധിച്ചതാണ് സേവന നികുതി നിരക്കുകൾ കൂട്ടാൻ കാരണമെന്ന് കരുതുന്നുണ്ടോ ; | നോട്ട് നിരോധനത്തിനുശേഷം എസ്.ബി.ഐ. യുടെ നിഷ്ക്രിയ ആസ്തി വർദ്ധിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ബാങ്കിന്റെ നിഷ്ക്രിയ ആസ്തിയിലുണ്ടായ വർദ്ധനവും സർവ്വീസ് ചാർജ്ജ് ഉയർത്തുന്നതിന് കാരണമായിട്ടുണ്ടാകാം. |
| (ഡി) | എങ്കിൽ സാധാരണക്കാരായ ഇടപാടുകാരെ ബാങ്കുകളുടെ ഇത്തരം ചൂഷണത്തിൽനിന്ന് സംരക്ഷിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ ? | പൊതുമേഖലാബാങ്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് റിസർവ്വ് ബാങ്കും ഭാരത സർക്കാരുമാണ്. അതുകൊണ്ട് ബാങ്കുകൾ അവരുടെ സേവനങ്ങൾക്ക് ഏകപക്ഷീയമായി ഏർപ്പെടുത്തുന്ന അമിതമായ ഫീസും പിഴയും ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ആയതിനാൽ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചുകിട്ടുന്നതിന് പ്രസ്തുത വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ